പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3154 — 22.06.2012 ൽ മറുപടിയ്ക്ക്

## ശിശുക്ഷേമസമിതിയുടെ പ്രവർത്തന സ്തംഭനം

ചോദ്യം — ഉത്തരം

ശ്രീ.ബാബു എം. പാലിശ്ശേരി — ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| എ | ശിശു ക്ഷേമ സമിതിയുടെ നില വിലെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | എ | ഉണ്ട് |
| ബി | പ്രസ്തുത സമിതിയിൽ നിലവിലു ണ്ടായിരുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയെ പിരിച്ച് വിട്ട നടപടി പുന:പരിശോ ധിച്ചിട്ടുണ്ടോ; | ബി | സ്റ്റാന്റിംഗ് കമ്മിറ്റിയെ പിരിച്ച് വിട്ടിട്ടില്ല. എന്നാൽ സമിതിയുടെ നിലവിലുള്ള, 36 വർഷം പഴക്കമുള്ള കെട്ടിടത്തിനുമുകളിൽ ഒരു നില കൂടി അനധികൃതമായി നിർമ്മിച്ചതി നാൽ ടി നിർമ്മാണ ഘട്ടത്തിലെ ഭരണ സമിതിയംഗങ്ങളെ അച്ചടക്ക രാഹിത്യത്താൽ സമിതി ബൈലോ 20(ബി) പ്രകാരം സമിതി അംഗത്വ ത്തിൽ നിന്നും അയോഗ്യരാക്കി ഉത്തരവു പുറപ്പെടുവിച്ചു. |
| സി | ഹൈക്കോടതി ഇതിന്മേൽ എന്തു നിർദ്ദേശമാണ് നൽകിയത്; | സി | ശിശുക്ഷേമസമിതിയുടെ കാര്യ ത്തിൽ കേരള ഹൈക്കോടതി സർക്കാരിന് നൽകിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സാമൂഹ്യക്ഷേമ ഡയറക്ടർ ശിശുക്ഷേമ സമിതിയുടെ ജനറൽ ബോഡി മീറ്റിംഗ് 15.05.2012 തീയതിക്ക് മുൻപ് വിളിച്ചു കൂട്ടണം<br><br>2. മീറ്റിംഗിലെ ഏക അജണ്ട 20.01.2012ലെ ജി.ഒ.(എം.എസ്)നംപർ 4/2012/SWD സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ശിശു ക്ഷേമസമിതിയിലെ മുൻ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളായിരുന്ന ശ്രീ. പി. കൃഷ്ണൻ, ശ്രീ. ടി. നാരായണൻ, ശ്രീമതി. പി. പ്രഭാവതി, |

| | | | |
|---|---|---|---|
| | | | ശ്രീ.സി. സത്യപാലൻ, ശ്രീ. പി.ആർ വർഗ്ഗീസ് മാസ്റ്റർ, ശ്രീ. പി.വി.കെ. കടമ്പേരി, ശ്രീമതി.പി.എസ്. ഭാരതി എന്നിവരെ സമിതി അംഗത്വത്തിൽ നിന്നും അയോഗ്യരാക്കിയ സർക്കാർ നടപടി ജനറൽ ബോഡി യോഗം അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്നതായിരിക്കണം<br><br>3. സമിതിയുടെ ദൈനംദിന പ്രവർത്തനം തിരുവനന്തപുരം ജില്ലാ കളക്ടർ ഏറ്റെടുക്കണം<br><br>4. ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നുണ്ടോയെന്ന് സാമൂഹ്യ ക്ഷേമ വകുപ്പ് സെക്രട്ടറി ശ്രദ്ധിക്കണം<br><br>5. ജനറൽ ബോഡി മീറ്റിംഗിലെ തിരുമാനം ഹൈക്കോടതിയെ 21.5.2012 നകം അറിയിക്കണം |
| ഡി | 14.5.2012-ൽ ചേർന്ന ജനറൽ ബോഡി യോഗം സംബന്ധിച്ച് ഹൈക്കോടതിയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | ഡി | സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവർ ബഹു. ഹൈക്കോടതിയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് യഥാക്രമം അനുബന്ധം (എ) യും (ബി)യുമായി ചേർത്തിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.